# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1912 25.03.2013-ൽ മറുപടി**

**<u>കുഴൽപ്പണം സംബന്ധമായ കേസ്സുകൾ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജെയിംസ് മാത്യു | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കുഴൽപ്പണം സംബന്ധമായ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; | (എ) 3 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| ബി) അതിൽ എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയായി ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) അന്വേഷണം പൂർത്തിയാക്കി ചാർജ്ജ് ഷീറ്റ് സമർപ്പിച്ച കേസുകളില്ല. |
| സി) ഓരോ ജില്ലയിലും രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം പ്രത്യേകം ലഭ്യമാക്കാമോ ; | (സി) തൃശ്ശൂർ റൂറൽ, കോഴിക്കോട് റൂറൽ എന്നീ പോലീസ് ജില്ലകളിൽ ഓരോ കേസും, റെയിൽവേ പോലീസ് ഒരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| ഡി) കുഴൽപ്പണത്തിന്റെ ഉറവിടം കണ്ടെത്താൻ സാധിച്ച കേസ്സുകളെത്രയെന്ന് വ്യക്തമാക്കുമോ? | (ഡി) നാളിതുവരെയുള്ള അന്വേഷണത്തിൽ കുഴൽപ്പണത്തിന്റെ ഉറവിടം കണ്ടെത്താൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ